# കാലിക്കറ്റ് സർവ്വകലാശാല

## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

35999/DOA-ASST-4/2026/Admn 20.06.2026

**പത്രക്കുറിപ്പ്**

**എം.ബി.എ 2026 ഫുൾ ടൈം/പാർട്ട് ടൈം പ്രവേശനം : ഓൺലൈൻ അപേക്ഷക്ക് വീണ്ടും അവസരം**

കാലിക്കറ്റ് സർവ്വകലാശാല കോമേഴ്സ് ആന്റ് മാനേജ്മെന്റ് സ്റ്റഡീസ് പഠനവകുപ്പ്, സർവ്വകലാശാല സ്വാശ്രയ സെന്ററുകൾ (ഫുൾ ടൈം/പാർട്ട് ടൈം), സ്വാശ്രയ കോളേജുകൾ എന്നിവയിൽ 2026 വർഷത്തെ എം.ബി.എ പ്രവേശനത്തിന്, KMAT SESSION 2 യോഗ്യത നേടിയവർ ഉൾപ്പെടെയുള്ളവർക്ക്, 27.06.2026 വൈകുന്നേരം 4 മണി വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. സർവ്വകലാശാലാ ഫണ്ടിലേക്ക് ഇ–പെയ്മെന്റായി 1020/– രൂപ (SC/ST 350/– രൂപ) ഫീസടച്ച് രജിസ്റ്റർ ചെയ്യണം. KMAT 2026, CMAT 2026, CAT 2025 എന്നീ സ്കോറുകളിൽ ഒന്നിൽ കൂടുതൽ സ്കോറുകൾ വിദ്യാർത്ഥികൾക്ക് രേഖപ്പെടുത്താവുന്നതാണ്. ഇവയിൽ ഏതെങ്കിലും ഒരു സ്കോറെങ്കിലും രേഖപ്പെടുത്താത്ത അപേക്ഷകൾ പ്രവേശനത്തിന് പരിഗണിക്കുന്നതല്ല. കോളേജുകൾ, സീറ്റ്, മറ്റ് വിശദവിവരങ്ങൾക്ക് സർവ്വകലാശാല വെബ്സൈറ്റിലെ MBA Prospectus കാണുക.

**സ്വാശ്രയ കോളേജുകളിലെ മാനേജ്മെന്റ് ക്വോട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്നവരും നിശ്ചിത ഫീസടച്ച് ഓൺലൈൻ രജിസ്റ്റർ ചെയ്യണം.** ബിരുദഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. ബിരുദ യോഗ്യത മാർക്ക് ലിസ്റ്റ്/ഗ്രേഡ് കാർഡിന്റെ ഒറിജിനൽ പ്രവേശനം അവസാനിക്കുന്നതിനു മുമ്പായി സമർപ്പിക്കേണ്ടതാണ്. അപേക്ഷകർ KMAT 2026, CMAT 2026, CAT 2025 യോഗ്യത നേടിയിരിക്കണം.

ഓൺലൈൻ അപേക്ഷ സമർപ്പണത്തിന്റെ ആദ്യ ഘട്ടത്തിൽ CAP ID യും പാസ്‌വേഡും മൊബൈലിൽ ലഭ്യമാകുന്നതിനുവേണ്ടി അപേക്ഷകർ http://admission.uoc.ac.in MBA –> Apply Now എന്ന ലിങ്കിൽ അവരുടെ അടിസ്ഥാന വിവരങ്ങൾ നൽകേണ്ടതാണ്. രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾ അവരുടെതോ, അല്ലെങ്കിൽ രക്ഷിതാവിന്റെയോ ഫോൺ നമ്പർ മാത്രമേ ഓൺ

ലൈൻ രജിസ്ട്രേഷൻ സമയത്ത് നൽകാവൂ. തുടർന്ന് മൊബൈലിൽ ലഭിച്ച CAP ID യും പാസ് വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷ പൂർത്തീകരിക്കേണ്ടതാണ്. അപേക്ഷകർക്ക് ഓൺലൈൻ അപേക്ഷാ സമർപ്പണ വേളയിൽ ലഭിക്കുന്ന പാസ്സ്‌വേർഡിന്റെ രഹസ്യ സ്വഭാവം വെളിപ്പെടുത്താൻ പാടില്ലാത്തതും പ്രവേശനപ്രക്രിയ അവസാനിക്കുന്നതു വരെ സുരക്ഷിതമായി സൂക്ഷിക്കേണ്ടതുമാണ്. അപേക്ഷയുടെ അവസാനമാണ് രജിസ്ട്രേഷൻ ഫീസ് അടയ്ക്കേണ്ടത്. Save & Proceed എന്ന ബട്ടൺ ക്ലിക് ചെയ്യുന്നതിന് മുൻപേ അപേക്ഷയിൽ നൽകിയ വിവരങ്ങൾ ശരിയാണെന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. അപേക്ഷാ ഫീസ് അടച്ചതിനുശേഷം വീണ്ടും ലോഗിൻ ചെയ്ത് അപേക്ഷയുടെ പ്രിന്റ്ഔട്ട് എടുക്കേണ്ടതാണ്. പ്രിന്റ്ഔട്ട് ലഭിക്കുന്നതോടെ മാത്രമേ അപേക്ഷ പൂർണ്ണമാകുകയുള്ളൂ. അപേക്ഷയുടെ പ്രിന്റൗട്ട് സർവ്വകലാശാലയിലേക്ക് അയക്കേണ്ടതില്ല.

വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.admission.uoc.ac.in)

ഫോൺ : 0494 2407017, 2407363.

Rajeevan Mundayat Valappil
Deputy Registrar

To

പബ്ലിക് റിലേഷൻസ് ഓഫീസർ (എല്ലാ ജില്ലകളിലും പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)